# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 1-1271/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 1-1271/2023 തീയ്യതി: 15/11/2023

## ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-10-2023 | 11-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-10-2023 | 11-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മികാന്ത് പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി .റ്റി .ജി ജലജകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി . കെ .സുജാത | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിജയൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രതീഷ് ബാബു എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. രാജി.ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുനിഷ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ആദർശ്.കെ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 31-05-2022 |
| ഡോ.സ്മിത സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-06-2022 | 31-03-2023 |
| ഡോ.ജീവൻകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സ്മിത എം നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 20-04-2022 |
| ഡോ.രശ്മി എസ് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദുമോൾ.കെ. | അസി.എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| വെക്കൻറ് | അസി.എഞ്ചിനീയർ | 19-09-2022 | 25-09-2022 |
| ശ്രീ.സുമേഷ് വി.എം. | അസി.എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ശ്രീമതി. ബോബിമോൾ.കെ.ബി | വി.ഇ.ഒ,തെക്കേക്കര സർക്കിൾ. | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രമീള. പി. | വി.ഇ.ഒ, ചമ്പക്കുളം സർക്കിൾ. | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിൻസിമോൾ വർഗ്ഗീസ് | അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS | 01-04-2022 | 31-03-2023 |
| ശ്രീമതി സപ്ന കെ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക ശരിയായ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ലൈഫ് ഭവന പദ്ധതി- തിരിച്ചടച്ച തുക ശരിയായ ശീർഷകത്തിൽ വരവ് വെച്ചില്ല | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല | 1-1-4 |
| 6 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്-ബാങ്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന മുൻകൂറുകൾ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല | 1-1-8 |
| 10 | പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | റിസോർട്ടിലെ നീന്തൽകുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല | 1-11 |
| 22 | വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു | 1-12 |
| 23 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 24 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് | 1-14 |

| | | |
|---|---|---|
| | ഈടാക്കുന്നില്ല | |
| 25 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-15 |
| 26 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-16 |
| 27 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ -വിതരണം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 28 | നെൽവിത്തിന് സബ്സിഡി- വിതരണത്തിലെ ന്യൂനതകൾ | 1-18 |
| 29 | പാടശേഖരങ്ങൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങി നൽകൽ പ്രോജക്ട് - ഒരു പമ്പ് സെറ്റ് ആരും കൈപ്പറ്റിയിട്ടില്ല | 1-19 |
| 30 | പ്രതിരോധ കുത്തിവെയ്പിന് പോകുന്നതിന് വാഹന വാടക- രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 31 | പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ് -വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-21 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-22 |
| 33 | ലൈഫ് ഭവന നിർമാണ പദ്ധതി -2018, 2019 വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-23 |
| 34 | പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്- നിലവിലില്ലാത്ത ടാപ്പുകൾക്കും ചാർജ് ഈടാക്കുന്നു. പഞ്ചായത്തിന് അധിക ബാധ്യത | 1-24 |
| 35 | വെള്ളക്കരം- ഫൈൻ വർദ്ധിക്കുന്നു | 1-25 |
| 36 | വൃദ്ധർക്ക് കട്ടിൽ- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-26 |
| 37 | വാതിൽപ്പടി സേവനം പദ്ധതി - പ്രവർത്തന പുരോഗതി ഇല്ലാത്തതിനാൽ വാങ്ങിയ ലാപ്ടോപ്പുകൾ ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-27 |
| 38 | ആശ്രയ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ -നിർമ്മാണം നാളിതുവരെ ആരംഭിച്ചില്ല | 1-28 |
| 39 | ട്യൂബ് വെൽ സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-29 |
| 40 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-30 |
| 41 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാട്ടർ കണക്ഷൻ - കെ.എസ്.ഇ.ബി.യിൽ തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല | 1-31 |
| 42 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസം | 1-32 |
| 43 | ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസ്സം -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 1-33 |

| | | |
|---|---|---|
| 44 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സ്റ്റാക്ക് അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി | 1-34 |
| 45 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിക്കുന്നു | 1-35 |
| 46 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ലാത്തത് | 1-36 |
| 47 | മഴക്കാല പൂർവ ശുചീകരണം - ഫണ്ട് വിനിയോഗം ലക്ഷ്യം കാണുന്നില്ല | 1-37 |
| ഭാഗം **2** | | |
| 1 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-1 |
| 2 | റിസോർട്ടിലെ നീന്തൽകുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല | 2-2 |
| 3 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 4 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 2-4 |
| ഭാഗം **3** | | |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സ്റ്റാക്ക് അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി | 3-1 |
| 2 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിക്കുന്നു | 3-2 |
| 3 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല | 3-3 |
| 4 | ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസ്സം -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023-ലെ കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചമ്പക്കുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചമ്പക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A).റേഷ്യോസ്

B).അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) റേഷ്യോസുമായി ബന്ധപ്പെട്ട ഓപ്ഷനുകൾ ഐ.എൽ.ജി.എം.എസിൽ ലഭ്യമായിട്ടില്ലായെന്നും, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ 2023-24 സാമ്പത്തിക വർഷം മുതൽ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി.

1-1-2 ക്യാഷ് ഫ്ലോ പത്രിക ശരിയായ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [20859918/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [(-)678030/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) ക്യാഷ് ഫ്ലോ സോഫ്റ്റ് വെയറിൽ ജനറേറ്റ് ആയി വരുന്ന റിപ്പോർട്ടാണെന്നും ഇതിൽ വന്നിരിക്കുന്ന വ്യത്യാസം ഐ.കെ.എമ്മിൽ പരാതി നല്കി പരിഹരിക്കുന്നതാണെന്നും മറുപടി നല്കി.

1-1-3 ലൈഫ് ഭവന പദ്ധതി- തിരിച്ചടച്ച തുക ശരിയായ ശീർഷകത്തിൽ വരവ് വെച്ചില്ല

രസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് ഷെഡ്യൂൾ RP-10 പ്രകാരം 180900102-Voluntary Contributions & Donations എന്നയിനത്തിൽ 49000/-രൂപയുടെ വരവ് കാണിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ഈ തുക ലൈഫ് ഭവന പദ്ധതിയിനത്തിൽ ഒരു ഗുണഭോക്താവ് തിരിച്ചടച്ച തുകയാണ്. തെറ്റായ ശീർഷകത്തിൽ വരവിലെടുത്തതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) 2023-24 സാമ്പത്തിക വർഷം ജേണൽ എൻട്രി നടത്തി പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി.

1-1-4 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല

താഴെപ്പറയുന്ന അക്കൌണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല.
1.FEDERAL BANK- RGSA PFMS A/C NEDUMUDY/THEKKEKARA( 11540100252032 ) ഈ അക്കൌണ്ടിൽ 7/-രൂപ അവശേഷിക്കുന്നതായി കാണുന്നു. ടി അക്കൌണ്ട് ബാലൻസ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17-ൽ ഉൾപ്പെട്ടതായും കാണുന്നില്ല.

2.STATE BANK OF TRAVANCORE (57041065231)

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) 2023-24 സാമ്പത്തിക വർഷം ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി.

1-1-5 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്-ബാങ്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല

1).SBI - Health Grants - Diagnostic Infrastructure Thekkekara( 41059116933 ) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Pass Book Balance 4,48,412/-രൂപ എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 451397/-രൂപയെന്ന് കാണുന്നു.

2).STATE BANK OF TRAVANCORE-saksharatha THEKKEKARA( 57041060107 )എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Pass Book Balance 124237/-രൂപ എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 1,25,064/-രൂപയെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) 2023-24 സാമ്പത്തിക വർഷം ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി.

1-1-6 രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിലെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ താഴെപ്പറയുന്ന പൊരുത്തക്കേടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

A).സ.ഉ(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 10,36,000/രൂപ അനുവദിച്ചതായി കാണുന്നു. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ ഈ അലോട്ട്മെന്റ് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് റോഡ് അക്കൌണ്ടിലേയ്ക്ക് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

B).അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Developmentfund (CFC Tied Grant) ഇനത്തിൽ തൻവർഷത്തെ ചെലവ് 4489122/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള ചെലവിനായുള്ള വരവും (₹4394091/-) ഈയിനത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ള തുകയും (₹237569/-) ചേർന്ന് വരുന്ന തുക 4631660/- രൂപയാണ്.

C).ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ) രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| 340100301-Contractors Retention -Receipt | 55787 | 52258 |
| 340100102- Suppliers EMD-Payment | 561285 | 576685 |
| 340100101- Contractors EMD | 42400 | 34100 |
| 340100202- Suppliers Security Deposit | 101050 | 50000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ് സംബന്ധിച്ച് ഐ.കെ.എമ്മിൽ കംപ്ലയിന്റ് ചെയ്തിട്ടുണ്ടെന്നും സി.എഫ്.സി ഫണ്ടിൽ വ്യത്യാസം വന്നത് ക്ലറിക്കൽ പിശക് മൂലമാണെന്നും, ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിലുള്ള വ്യത്യാസം 2023-24 സാമ്പത്തിക വർഷം പൊരുത്തപ്പെടുത്തി പരിഹരിക്കുന്നതാണെന്നും മറുപടി നല്കി.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.05.10.2023) ഓരോ വർഷവും എ.എഫ്.എസ് സമർപ്പിച്ചതിനു ശേഷം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നുണ്ടെന്നാണ് മറുപടി നല്കിയത്. എന്നാൽ 2022-23 സാമ്പത്തിക വർഷം 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-8 അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന മുൻകൂറുകൾ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല

A).Temporary Advance For Official Purposes എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുകകളിൽ 2019-20 മുതലുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

B).Advance To Implimenting Agencies Deposit With KWA എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുകകളിൽ 2014-15 മുതലുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

C).Advance To Implimenting Officers എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുകകളിൽ 2021 മെയ് മാസം മുതലുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീ.05.10.2023) അഡ്വാൻസ് ഇനത്തിലുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-9 പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെടുത്തിയില്ല

പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം 415120001-Local Self Government Institution Officer Building-Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീ.05.10.2023) പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വില തിട്ടപ്പെടുത്തി ലഭിച്ചിട്ടില്ലായെന്നും ആയത് ലഭിക്കുന്ന മുറക്ക് ആസ്തിയിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നല്കി.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25/03/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 157753692 | 156876100 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 138,338,175 | 141,445,771 |

2022-23വർഷത്തെ പുതുക്കിയ ബജറ്റ് 14/03/2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 171882052 | 171228677 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11,305,750 |
| വരവ് | 25372601 |
| ആകെ | 36678351 |
| ചെലവ് | 26050631 |
| നീക്കിയിരിപ്പ് | 10627720 |

## 1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1576815 | 12579185 | 14156000 | 1576815 | 11059585 | 1519600 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | 0 | 185648 | 3065352 | 3251000 | 185648 | 2728056 | 337296 (ലാപ്സായി) |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 0 | 611741 | 611741 | 0 | 611741 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ്-ടൈഡ്-TREASURY | | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്-Bank A/C | 588012 | 0 | 3575000 | 4163012 | 0 | 4019919 | 143093 (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-Treasury | 0 | 0 | 94852 | 94852 | 0 | 36552 | 58300 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-Bank Account | 191680 | 0 | 2458497 | 2650177 | 0 | 2205853 | 444324 (നീക്കിയിരിപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 4860700 | 4860700 | 0 | 1134381 | 3726319 (ലാപ്സായി) |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 5213000 | 5213000 | 0 | 3395660 | 1817340 (ലാപ്സായി) |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 12579185 | 14156000 |
| ചെലവ് | 12636400 | 12636400 |
| നീക്കിയിരിപ്പ് | (-)57215 | 1519600 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 3065352 | 3251000 |
| ചെലവ് | 2913704 | 2913704 |
| നീക്കിയിരിപ്പ് | 151648 | 337296 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 588012 |
| വരവ് | 4186471 | 4186741 |
| ആകെ | 4186471 | 4774753 |
| ചെലവ് | 4631660 | 4631660 |
| നീക്കിയിരിപ്പ് | (-)444919 | 143093 |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 191680 |
| വരവ് | 2477852 | 2477852 |
| പലിശ | 0 | 75497 |
| ആകെ | 2477852 | 2745029 |
| ചെലവ് | 2242405 | 2242405 |
| നീക്കിയിരിപ്പ് | 235447 | 502624 |

സ.ഉ(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ അനുവദിച്ച 10,36,000/രൂപ വരവിൽ കാണിച്ചിട്ടില്ലാത്തതിനാൽ വരവിലും, നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

6.മെയിന്റനൻസ് ഫണ്ട് റോഡ്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 3824700 | 4860700 |
| ചെലവ് | 1134381 | 1134381 |
| നീക്കിയിരിപ്പ് | 2690319 | 3726319 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 112 | 46237319 | 69 | 30603389 | 15 | 28 | 66.2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 120645 | 1551986 | 1672631 | 1404502 | 268129 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 67583642 | 67583642 | 67583642 | 0 |
| ആകെ | 120645 | 69135628 | 69256273 | 68988144 | 268129 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 11,940,100 | 1126 |
| വിധവാ പെൻഷൻ | 4,459,400 | 455 |
| വാർദ്ധക്യകാല പെൻഷൻ | 10,350,600 | 1107 |
| വികലാംഗ പെൻഷൻ | 2,423,000 | 225 |
| അവിവാഹിത പെൻഷൻ | 354,000 | 37 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 120,000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8077/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാർഷിക മേഖലയിലെ പദ്ധതികളിൽ വിതരണ വിവരം ഉറപ്പാക്കപ്പെടുന്നില്ല.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനയെ തുടർന്ന് ഉപയോഗ ശൂന്യമായവ കട്ട് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടും നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അധിക ചെലവിന് കാരണമാകുന്നു. ഇത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

7. മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിൽ നിയമാനുസൃത നടപടികൾ പാലിക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 16-12-2022 തിയതിയിലെ 3(3)തീരുമാനം പ്രകാരം നിശ്ചയിക്കുകയുണ്ടായി. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 10-04-2023 ലെ 2(1) തീരുമാന പ്രകാരം ചർച്ച ചെയ്ത ശിപാർശകൾ 27.06.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 17(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വസ്തു നികുതി

2022-23 ലെ വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും തമ്മിലുള്ള അന്തരം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | ആകെ |
|---|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 8,78,910 | 17,31,890 | 26,10,800 |
| സഞ്ചയ പ്രകാരമുള്ള വരവ് | 8,84,610 | 17,33,437 | 26,18,047 |

01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റിയുടെ 10-04-2023 ലെ 2(1) തീരുമാന പ്രകാരമുള്ള ശിപാർശകൾ ജനറൽ കമ്മറ്റി ചർച്ച ചെയ്ത് 09.05.2023 തീയതിയിലെ 11(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനവും 27.06.2023 തീയതിയിലെ 17(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താൻ സാധിച്ചിട്ടില്ല. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും 01.04.20203 ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ആ കെട്ടിടങ്ങളുടെ വസ്തുനികുതി നിലവിൽ പഴയ നിരക്കിലാണ് ഈടാക്കുന്നത്. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയതിന് ശേഷം പുതുക്കിയ നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതിന് നിലവിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടി കുടിശ്ശിക ഭാവിയിൽ ടി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന്

നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിക്കാതെ 2013 ലെ മേഖലാ വിജ്ഞാപനം നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല. സഞ്ജയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതുവരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരമാണ് ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്.

<u>തൊഴിൽ നികുതി</u>

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ , മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണമാകുന്നു. സ്ഥാപന മേധാവികൾ കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

<u>വിനോദ നികുതി</u>

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല . പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

<u>നികുതിയേതര വരവുകൾ</u>

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

<u>1-11 റിസോർട്ടിലെ നീന്തൽകുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല</u>

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011, ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്ന എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിയ്ക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോടു ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർക്കുന്ന റിസോർട്ടിന്റെ വെബ്സൈറ്റിൽ സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. റിസോർട്ടിൽ സ്വിമ്മിംഗ്പൂൾ സൌകര്യം ലഭ്യമാക്കുന്നതായി ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് സ്ഥല പരിശോധന നടത്തി നീന്തൽക്കുളത്തിന്റെ

തറവിസ്തീർണം കണക്കാക്കി പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ 2022-23 ൽ ടി സ്വിമ്മിംഗ്പൂളിന്റെ വസ്തുനികുതി റിസോർട്ടിന്റെ വസ്തുനികുതിയോട് ചേർത്ത് അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) 2022-23ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ള വാട്ടേർസ് എഡ്ജ് വില്ല എന്ന റിസോർട്ടിൽ (കെട്ടിട നം:I/235-B,I/235-C) 201$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി റിസോർട്ടിലെ വസ്തുനികുതിയോട് ചേർത്ത് അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20 / 10-10-2023) വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം:11/ 07/10/2023) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന<br>വസ്തു നികുതി | 201$m^2$ @90= 18090/- |
| ലൈബ്രറി സെസ് 5% | (+)905/- |
| ആകെ | 18,995/- |

14-11-2011 ലെ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ ഉത്തരവ് ചട്ടം 11 അനുസരിച്ച് റിസോർട്ടിൽ പുതുതായി നീന്തൽകുളം നിർമ്മിച്ചാൽ ആയത് പുതിയ വസ്തുനികുതി റിട്ടേണിൽ ചേർത്ത് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യാതിരുന്നതു മൂലം 2022-23 വർഷം വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 18,995/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. റിസോർട്ടിൽ പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി ടി റിസോർട്ടിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/ 10-10-23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2022-23 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു(ഭാഗം 2-2 ൽ ചേർത്തിട്ടുണ്ട്).

1-12 വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു

കേരള കെട്ടിട നികുതി നിയമം 1975, വകുപ്പ് 5 എ പ്രകാരമുള്ള രസീത്/വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ പകർപ്പ് ഹാജരാക്കിയശേഷം മാത്രമേ വസ്തുനികുതി നിർണ്ണയവും നമ്പർ നൽകലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്താവൂ എന്ന് സ.ഉ(എം.എസ്) 231/15 തസ്വഭവ തീയതി 9.7.2015 നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 ലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പെർമിറ്റും നമ്പറിങ്ങും സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപ് കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്കിക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ റിട്ടേൺ പകർപ്പ് കെട്ടിട ഉടമകൾ ഹാജരാക്കുന്നില്ല. ഈ പരിശോധന നടത്താതെയാണ് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നത്. ഇതുമൂലം സർക്കാരിന് ലഭിക്കേണ്ട നികുതി യഥാകാലം ലഭിക്കാതെ പോകുവാനോ നഷ്ടപ്പെടുവാൻ പോലുമോ സാദ്ധ്യതയുണ്ട്. കേരള കെട്ടിട നികുതി നിയമം 1975

പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുകയുള്ളൂ എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/ 09-10-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം അനുസരിച്ച് കൊണ്ട് മേൽപ്പറഞ്ഞ കെട്ടിട നികുതി ഒടുക്കി എന്ന് ഉറപ്പാക്കിയ ശേഷം മാത്രം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കണ്ടങ്കരി- പുല്ലങ്ങടി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം: A 152 (D)- APCOS | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 2 | മങ്കൊമ്പ് തെക്കേക്കര ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം: A 198 (D)- APCOS | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 3 | തെക്കേക്കര സർവീസ് കോപ്പറേറ്റീവ് ബാങ്ക്-503 | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 4 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ്- പോർട്ടൽ ഓഫീസ് | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 5 | CKM- മിൽക്ക് പ്രൊഡ്യൂസേർസ് കോപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 6 | മണ്ണൂപറമ്പ് ഫിനാൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| | ആകെ | | 13,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 13,750/- രൂപയുടെ വരുമാന നഷ്ടം

ഉണ്ടായി.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകി നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:03, 06/10/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു(ഭാഗം 2-3 ൽ ചേർത്തിട്ടുണ്ട്).

## 1-14 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്ത് രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | അധികമായി ഇടാക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | പാം ഡയിൽ ഹെറിറ്റേജ് റിസോർട്ട്, പൊങ്ങ | 1കോടി | 2,000/- | 5,000/- | 3,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04/ തീയതി:06-10-2023) ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികമായി ഇടാക്കേണ്ട 3,000/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു(ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്).

## 1-15 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 79760 | 2016-17 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 505338 | 2016-17മുതൽ |

| | | | |
|---|---|---|---|
| 3 | ബിഡേഴ്സ് ഇഎംഡി | 230300 | 2013-14 മുതൽ |
| 4 | സപ്ലൈയേഴ്സ് എസ്.ഡി | 130550 | 2016-17മുതൽ |
| 5 | കോൺട്രാക്ടേഴ്സ് റിടെൻഷൻ | 508180 | 2014-15മുതൽ |

2022-23 ലെ ഡെപ്പോസിറ്റുകളുടെ സംക്ഷിപ്ത വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 29255/- രൂപ നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തി കാണുന്നു. എന്നാൽ രജിസ്റ്ററിൽ ഇത് സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/4.10.23) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ തെക്കേക്കര ശാഖയിൽ 16.07.2019 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38607592281). എന്നാൽ പ്രസ്തുത അക്കൗണ്ടിൽ 20.03.22 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ-ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. 01.10.23ൽ പ്രസ്തുത അക്കൗണ്ടിൽ 98,594 /-രൂപ നീക്കിയിരുപ്പുണ്ട്. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. 20.03.22 വരെയുള്ള കാലയളവിലെ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക തിരികെ ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/9.10.23) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക പൂർണ്ണമായും തിരികെ ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും, ആയത് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. ടി വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ -വിതരണം പൂർത്തീകരിച്ചിട്ടില്ല

1. പ്രോജക്ട് നം. S0122/23

പ്രോജക്ടിന്റെ പേര് – ഞങ്ങളും കൃഷിയിലേക്ക്- ഇടവിള കിറ്റ് വിതരണം വനിത ഗ്രൂപ്പുകൾക്ക്
അടങ്കൽ – 486000/-(വികസന ഫണ്ട്)
ചെലവ് – 486000/-( BRN 3000957425/26.12.2022)

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടിൽ ഗ്രൂപ്പുകൾക്ക് വിതരണം നടത്തുന്നതിനായി 3,000/- രൂപ നിരക്കിൽ 162 ഇടവിള കിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് പ്രസ്തുത ബിൽ പ്രകാരം സ്ഥാപനത്തിന് 4,86,000/- രൂപ നൽകിയിട്ടുണ്ട്. ചേന – 30

കിലോഗ്രാം, കാച്ചിൽ- 10 കിലോഗ്രാം, ചേമ്പ് – 10 കിലോ ഗ്രാം, ഇഞ്ചി- 5 കിലോ ഗ്രാം, മഞ്ഞൾ – 5 കിലോ ഗ്രാം എന്നിവയാണ് ഒരു കിറ്റിൽ ഉൾപ്പെടുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1) 22 ഇടവിള കിറ്റുകൾ വിതരണം നടത്തിയതിന് രേഖയില്ല.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പല ഗ്രൂപ്പുകളും ഇടവിള കിറ്റ് കൈപ്പറ്റിയതായി രേഖയില്ല. ഗ്രൂപ്പുകളുടെ പേരെഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആകെ 162 എണ്ണം വാങ്ങിയതിൽ വിവിധ വാർഡുകളിലായി 140 കിറ്റുകൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയതായി രേഖപ്പെടുത്തിയ ഇടവിള കിറ്റിന്റെ എണ്ണം | വിതരണ രജിസ്റ്റർ പ്രകാരം ഗ്രൂപ്പ്കൈപ്പറ്റിയ ഇടവിളകിറ്റിന്റെ എണ്ണം | കുറവ് |
|---|---|---|---|---|
| 1 | 3 | 18 | 4 | 14 |
| 2 | 6 | 9 | 7 | 2 |
| 3 | 7 | 18 | 16 | 2 |
| 4 | 8 | 9 | 8 | 1 |
| 5 | 10 | 8 | 7 | 1 |
| 6 | 11 | 10 | 8 | 2 |
| ആകെ | | 72 | 50 | 22 |

22 ഇടവിള കിറ്റ് വിതരണം നടത്തിയിട്ടില്ല. (22 X 3000=66000)

(2) ഗ്രൂപ്പിനായുള്ള പ്രോജക്ടിൽ വ്യക്തികൾക്ക് ആനുകൂല്യം നൽകി

ഗ്രൂപ്പിന് ഇടവിള കിറ്റുകൾ നൽകുന്നതിനായാണ് പ്രോജക്ട്ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ പലതിലും വ്യക്തികളുടെ അപേക്ഷപ്രകാരം അവർക്ക് കിറ്റ് അനുവദിച്ചതായി കാണുന്നു. ഗ്രൂപ്പിന്റെ പേരിൽ അപേക്ഷിച്ചിട്ടുള്ളവർ വെള്ള കടലാസിൽ ഏതാനും വ്യക്തികളുടെ പേര് എഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആരും തന്നെ ഒപ്പുവച്ചിട്ടില്ല.

(3) ഒരേ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഗ്രൂപ്പുകൾക്ക്/ വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു. കൂടാതെ വളരെ പരിമിതമായ സ്ഥലവിസ്തൃതിയുള്ളവർക്കും ഇടവിള കിറ്റ് നൽകി. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീ ഗ്രൂപ്പിന്റെ പേര്, | നൽകിയ ഇടവിള കിറ്റ് | സ്ഥലത്തിന്റെ അളവ് | സർവ്വേ നമ്പർ |
|---|---|---|---|---|
| 1 | അമൃത കുടുംബശ്രീ, വാർഡ് - 4 | 1 യൂണിറ്റ് | 1 Are 1 Sqm | 555/1 |
| 2 | പൊൻകതിർ കുടുംബശ്രീ, വാർഡ്- 4 | 1 യൂണിറ്റ് | 1 Are 87 Sqm | 598/22 |

| | | | | |
|---|---|---|---|---|
| 3 | സുജ,<br>വാർഡ്- 4 | 1 യൂണിറ്റ് | 1 Are 87sqm | 598/22 |

2.പ്രോജക്ട് നം. S0095/23

പ്രോജക്ടിന്റെ പേര് – ഞങ്ങളും കൃഷിയിലേക്ക്- നേന്ത്രവാഴവിത്ത് വിതരണം വനിത ഗ്രൂപ്പുകൾക്ക്
അടങ്കൽ – 487500/-(വികസന ഫണ്ട്)
ചെലവ് – 487500/-( BRN 3000967898/28.12.2022)

വനിത ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 20/- രൂപ നിരക്കിൽ 24375 നേന്ത്രവാഴവിത്ത് വാങ്ങിയതിന് പ്രസ്തുത ബിൽ പ്രകാരം 4,87,500/- രൂപ നൽകിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പല ഗ്രൂപ്പുകളും വാഴവിത്ത് കൈപ്പറ്റിയതായി രേഖയില്ല. ഗ്രൂപ്പുകളുടെ പേരെഴുതി ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 24375 നേന്ത്രവാഴവിത്ത് വാങ്ങിയതിൽ വിവിധ വാർഡുകളിലായി ആകെ 23305 വാഴവിത്ത് മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. വാഴവിത്ത് കൈപ്പറ്റിയിട്ടില്ലാത്ത ഗ്രൂപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | ഗ്രൂപ്പിന്റെ പേര് | കൈപ്പറ്റാത്ത വാഴവിത്തിന്റെ എണ്ണം |
|---|---|---|
| 13 | കൈരളി | 160 |
| | തനിമ | 150 |
| | നന്ദനം | 140 |
| | ഫ്ലവേഴ്സ് | 150 |
| 9 | ശ്രീലക്ഷ്മി | 160 |
| 6 | കിരണം | 160 |
| | പൊൻകതിർ | 150 |
| ആകെ | | 1070 |

1070 വാഴവിത്തുകൾ വിതരണം നടത്തിയിട്ടില്ല. ( 1070x20=21400)

മേൽ ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/10.10.23)മറുപടി ലഭിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്നവയുടെ വിലയായ 87,400/- രൂപയുടെ (66000+21400) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 നെൽവിത്തിന് സബ്സിഡി- വിതരണത്തിലെ ന്യൂനതകൾ

പ്രോജക്ട് നം.s0094/23

പ്രോജക്ടിന്റെ പേര് - നെൽവിത്തിന് സബ്സിഡി

നിർവ്വഹണം -കൃഷി ഓഫീസർ

അടങ്കൽ- 1566900(വികസന ഫണ്ട് )

ചെലവ്-1566900

(1) 1453560/- BRN3000965555/ 28.12.22

(2)89000/- BRN3001084491/ 23.01.23

(3)8050/- BRN3001211930/ 20.02.23

(4)2180/- BRN3001211941/ 20.02.23

(5)14110/- BRN3001084484/ 23.01.23

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടിൽ ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം രണ്ടാം കൃഷിയ്ക്കായി പാടശേഖര സമിതികളിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 156690 (154256+2434) കിലോ ഗ്രാം നെൽവിത്ത് വാങ്ങിയതിന്റെവില (പദ്ധതി വിഹിതം) 1566900 വിവിധ സ്ഥാപനങ്ങളുടെ/ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1) വിതരണ രജിസ്റ്ററിൽ 26 പാടശേഖര സമിതികളുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും 24 പാടശേഖര സമിതികൾ മാത്രമാണ് നെൽവിത്ത് കൈപ്പറ്റിയതായി രേഖയുള്ളത്. നെൽവിത്ത് കൈപ്പറ്റാത്ത പാടശേഖര സമിതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പാടശേഖര സമിതിയുടെ പേര് | വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള നെൽവിത്തിന്റെ അളവ് | നെൽവിത്തിന്റെ വില(സബ്സിഡി @10/kg) |
|---|---|---|---|
| 1 | ഇല്ലിമുറി തെക്കേ900 | 22000 | 220000 |
| 2 | കുറുപ്പൻ തുരുത്ത് | 2300 | 23000 |
| | ആകെ | 24300 | 243000 |

(2) പാടശേഖര സമിതികൾ കൈപ്പറ്റിയ നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

(3) കർഷകർ നേരിട്ട് വാങ്ങിയ 2434 കിലോ ഗ്രാം നെൽവിത്തിന്റെ സബ്സിഡി 24340/- രൂപ അവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും കർഷകർ നെൽവിത്ത് വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/10.10.23)
മറുപടി ലഭ്യമാക്കിയില്ല. നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 1542560-/ രൂപയുടെ ചെലവും നെൽവിത്ത് വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കാത്തതിനാൽ 24340/- രൂപയുടെ ചെലവും ഉൾപ്പടെ ആകെ 1566900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പാടശേഖരങ്ങൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങി നൽകൽ പ്രോജക്ട് - ഒരു പമ്പ് സെറ്റ് ആരും കൈപ്പറ്റിയിട്ടില്ല

പ്രോജക്ട് നം. 123/23

പാടശേഖരങ്ങൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങി നൽകൽ

അടങ്കൽ - 753417 (വികസന ഫണ്ട്)

ചെലവ് - 656100

(1) 364500/-BRN 3001531637/28.03.23

(2) 291600 /- BRN3001531708/28.03.23

കൃഷി ഓഫീസർ നടപ്പാക്കിയ പാടശേഖരങ്ങൾക്ക് ജലസേചനത്തിനായി മോട്ടോർ വാങ്ങി നൽകുന്ന പ്രോജക്ടിൽ 9 പമ്പ് സെറ്റ് വാങ്ങിയതിന് റെയ്ഡ്കോ യ്ക്ക് 656100/- രൂപ നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് നൽകേണ്ട പാടശേഖരങ്ങളുടെ ലിസ്റ്റ് ചമ്പക്കുളം നെല്ലുല്പാദക പാടശേഖര ഏകോപനസമിതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റിലെ മുൻഗണനാക്രമം ആനുസരിച്ച് വിതരണം ചെയ്യുന്നതിനാണ് 9 എണ്ണം വാങ്ങിയിട്ടുള്ളത്. വാങ്ങലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No. | Name Of Product | Invoice Number/Date | Quantity/ Rate | Bill Amount |
|---|---|---|---|---|
| 1 | KDS 1030 KIRLOSKAR 10 HP TP 100*100 മോണോബ്ലോക്ക് | ALP-900/2022-23 /24.03.2023 | 4@43100 | 172400 |
| | ആക്സിസറിസ്, ജി എസ് റ്റി ഉൾപ്പടെ ആകെ തുക | | 4@72900 | 291600 |
| 2 | KDS 1030 KIRLOSKAR 10 HP TP100*100 മോണോബ്ലോക്ക് | ALP-899/2022-23 /24.03.2023 | 5@43100 | 215500 |
| | ആക്സിസറിസ്, ജി എസ് റ്റി ഉൾപ്പടെ ആകെ തുക | | 5@72900 | 364500 |
| | ആകെ നൽകിയ തുക | | | 656100 |

പ്രോജക്ട് ഫയൽ, വിതരണ രജിസ്ററർ എന്നിവ പരിശോധിച്ചതിൽ 7 പാടശേഖര സമിതികൾ മാത്രമാണ് പമ്പ് സെറ്റ് കൈപ്പറ്റിയിട്ടുള്ളത് . നാട്ടായം പാടശേഖര നെല്ലുല്പാദക സമിതി, മൂലപ്പള്ളിക്കാട് പാടശേഖര നെല്ലുല്പാദക സമിതി എന്നിവർ പമ്പ് സെറ്റ് കൈപ്പറ്റിയിട്ടില്ല. പ്രസ്തുത പാടശേഖര സമിതികൾ എന്തുകൊണ്ടാണ് പമ്പ് സെറ്റ് കൈപ്പറ്റാത്തതെന്നും വിതരണം ചെയ്യാത്ത 2 പമ്പ് സെറ്റ് നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നുമുള്ള വിവരം അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി (14/09.10.23) നൽകിയതിനെ തുടർന്ന് നാട്ടായം പാടശേഖര സമിതി 14.09.2023 ൽ 1 മോട്ടോർകൈപ്പറ്റിയതായി റിപ്പോർട്ട് ലഭ്യമാക്കി. മോട്ടോർ തറയുടെ മെയിന്റനൻസ് നടക്കുന്നതിനാലും വെള്ളപ്പൊക്കത്തെ തുടർന്ന് മട വീണ പാടശേഖരങ്ങളിലെ വെള്ളം വറ്റിയ്ക്കാൻ കൊടുത്തിരുന്നതിനാലുമാണ് യഥാസമയം കൈപ്പറ്റാതിരുന്നതെന്നും അറിയിച്ചു. 2023 മാർച്ചിൽ ലഭിച്ച പമ്പ് സെറ്റ് 2023 സെപ്റ്റംബറിലാണ് കൈപ്പറ്റിയത്. അതുവരെ യാതൊരു രേഖയുമില്ലാതെ വിവിധ പാടശേഖര സമിതികൾ കൈവശം വയ്ക്കുകയായിരുന്നു. നിലവിൽ ഒരു പമ്പ് സെറ്റ് ആരും തന്നെ കൈപ്പറ്റാതെ അവശേഷിക്കുന്നു. ടി പമ്പ് സെറ്റ് അംഗീകൃത ലിസ്റ്റിലുള്ള പാടശേഖര സമിതിക്ക് കൈമാറുന്നത് വരെ ഒരു പമ്പ് സെറ്റിനുള്ള ചെലവ് 72,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 പ്രതിരോധ കുത്തിവെയ്പിന് പോകുന്നതിന് വാഹന വാടക- രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചമ്പക്കുളം

പ്രോജക്റ്റ് നം.108/2023

പ്രോജക്റ്റിന്റെ പേര്: സി.എച്ച്.സി സബ്സെന്റർ വാടകയും പ്രതിരോധ കുത്തിവെയ്പ്പിന് പോകുന്നതിന് വാഹന വാടകയും

അടങ്കൽ-

വികസന ഫണ്ട്- 130000/-രൂപ

ചെലവ്- 128100/-

(1.ട്രഷറി ബിൽ നം.16/2022-23 തീ.15.03.2023 - 19000/-രൂപ

2.ട്രഷറി ബിൽ നം.17/2022-23 തീ.15.03.2023 - 28800/-രൂപ

3.ട്രഷറി ബിൽ നം20/2022-23 തീ.27.03.2023 - 4500/-രൂപ

4.ട്രഷറി ബിൽ നം.22/2022-23 തീ.27.03.2023 - 73800/-രൂപ

5.ട്രഷറി ബിൽ നം.25/2022-23 തീ.29.03.2023 - 2000/-രൂപ)

ഈ പദ്ധതി പ്രകാരം ചമ്പക്കുളം ഗ്രാമ പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകളിൽ ഇമ്മ്യൂണൈസേഷനു പോകുന്നതിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക 2019-20,2020-21,2021-22 എന്നീ വർഷങ്ങളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ നേരിട്ട് നല്കിയതിനാൽ അവരുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത തുകകൾ ക്രമ നമ്പർ 4 ട്രഷറി ബിൽ പ്രകാരം താഴെപ്പറയും പ്രകാരം അവരുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ
ചെയ്ത് നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാന്തി.സി,ജെ.പി.എച്ച്.എൻ | 12000 |
| 2 | സുനിമോൾ.സി.ഒ,ജെ.പി.എച്ച്.എൻ | 12360 |
| 3 | സബീന.എം,ജെ.പി.എച്ച്.എൻ | 12000 |
| 4 | ജിഷമോൾ,ജെ.പി.എച്ച്.എൻ | 12360 |
| 5 | സരസു.പി.സി, ജെ.പി.എച്ച്.എൻ | 12600 |
| 6 | രശ്മി.സി, ജെ.പി.എച്ച്.എൻ | 12480 |
| | ആകെ | 73800 |

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ജൂനിയർ പബ്ലിക് നഴ്സുമാരിൽ നിന്നും ഡ്രൈവർമാർ വാഹന വാടക കൈപ്പറ്റിയതിന്റെ രേഖകൾ, ട്രിപ് ഷീറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.26 തീ.10.10.2023) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി നല്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ 73,800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

1-21 പാലിയേറ്റീവ് കെയർ നഴ്സിന് ഇൻസെന്റീവ് -വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ചമ്പക്കുളം

പ്രോജക്റ്റ് നം.7/2023

പ്രോജക്റ്റിന്റെ പേര്: സാന്ത്വന പരിചരണ പരിപാടി

അടങ്കൽ-

വികസന ഫണ്ട്- 600000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 500000/-രൂപ

ആകെ 1100000/രൂപ

ചെലവ്- 771218/-

(1.ട്രഷറി ബിൽ നം.1/2022-23 തീ.26.07.2022 - 52030/-രൂപ

2.ട്രഷറി ബിൽ നം.2/2022-23 തീ.26.07.2022 - 39030/-രൂപ

3.ട്രഷറി ബിൽ നം.3/2022-23 തീ.26.07.2022 - 45750/-രൂപ

4.ട്രഷറി ബിൽ നം.4/2022-23 തീ.12.09.2022 - 77780/-രൂപ

5.ട്രഷറി ബിൽ നം.5/2022-23 തീ.26.07.2022 - 78980/-രൂപ

6.ട്രഷറി ബിൽ നം.6/2022-23 തീ.23.01.2023 - 39590/-രൂപ

7.ട്രഷറി ബിൽ നം.8/2022-23 തീ. 06.01.2023 - 109010/-രൂപ

8.ട്രഷറി ബിൽ നം.10/2022-23 തീ. 27.01.2023 - 45087/-രൂപ

9.ട്രഷറി ബിൽ നം.13/2022-23 തീ. 28.02.2023 - 39390/-രൂപ

10.ട്രഷറി ബിൽ നം.14/2022-23 തീ. 09.03.2023 - 39390/-രൂപ

11.ട്രഷറി ബിൽ നം.18/2022-23 തീ. 23.03.2023 - 52000/-രൂപ

12.ട്രഷറി ബിൽ നം.19/2022-23 തീ. 23.03.2023 - 50000/-രൂപ

13.ട്രഷറി ബിൽ നം.21/2022-23 തീ. 27.03.2023 - 100000/-രൂപ

14.ട്രഷറി ബിൽ നം.24/2022-23 തീ. 29.03.2023 - 3181/-രൂപ

| | | |
|---|---|---|
| സൂചന | : | 1).സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 |
| | | 2).സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ തീ.05.10.2020 |
| | | 3).സ.ഉ(സാധാ)നം.634/2022/LSGD തീ.15.03.2022 |

കോവിഡ്-19 കാലഘട്ടത്തിൽ പ്രവർത്തിച്ച വന്ന സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ 2022 മാർച്ച് മാസം വരെ പ്രതിമാസം 1000/-രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിന് മേൽ സൂചിത ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. സൂചന (2), (3) ഉത്തരവുകളിൽ ഇതിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചമ്പക്കുളം ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നഴ്സായി പ്രവർത്തിക്കുന്ന അനുമോൾ തോമസിന് 2021 മാർച്ച് മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള 13 മാസത്തെ ഇൻസെന്റീവ് ഇനത്തിൽ 13000/-രൂപ മേൽ പദ്ധതി പ്രകാരം അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ സൂചിത (2),(3) ഉത്തരവുകൾക്ക് വിരുദ്ധമായി ഇതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരമായി വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.26 തീ.10.10.2023) മറുപടി ലഭ്യമാക്കിയില്ല. വികസന ഫണ്ടിൽ നിന്നും ഈയിനത്തിന് തുക ചെലവഴിക്കാൻ അനുമതിയില്ലാത്തതിനാൽ ചെലവ് തുക 13,000/-രൂപ തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. തിരികെ ഒടുക്കി രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (S0118/23) ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ, എന്ന പദ്ധതിക്കായി പി.എഫ് -1045 / തീയതി 20/12/2022, എന്ന ഇൻവോയ്സ് പ്രകാരം 3,00,000/- രൂപ ഹോംകൊ,ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻഫർ വഴി അടവാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0118 /23 |
| പ്രോജക്ട് | ഹോമിയോ ആശുപതിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി.എഫ് -1045 / തീയതി 20/12/2022 |
| ചെലവ് | ബിൽ തുക: 3,00,000/- ട്രഷറി ബിൽ റഫറൻസ് നമ്പർ: 220604000000011943 തീയതി: 27-01-2023 |

മേൽ സൂചിപ്പിച്ച ഹോമിയോ ആശുപതിയിലേയ്ക്ക് മരുന്ന വാങ്ങൽ, എന്ന പദ്ധതിക്കായി ചെലവഴിച്ച 3,00,000/-രൂപയിൽ 1,06,364/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ,ബാക്കി 1,93,636/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:21, 10-10-2023) മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-23 ലൈഫ് ഭവന നിർമാണ പദ്ധതി -2018, 2019 വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ 2018 വർഷം ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഉൾപ്പടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ആശമോൾ സന്തോഷ് കുമാർ, ചാലുങ്കൽ,വാർഡ്-9 | 40000 | 22.06.2018 |
| 2 | തങ്കമണി, തെക്കേപ്പരയ്ക്കൽ, വാർഡ്-5 | 40000 | 27.06.2018 |
| 3 | കനകലത, അഞ്ചിൽത്തറ, വാർഡ്-7 | 40000 | 11.01.2019 |
| 4 | വൽസമ്മ, അഞ്ചിൽത്തറ, വാർഡ്-10 | 40000 | 25.09.2020 |
| 5 | മഹേശ്വരൻ, 22 ൽ ചിറ , വാർഡ്-13 | 40000 | 06.06.2022 |
| 6 | മേരി,340- ൽ ചിറ, വാർഡ്-3 | 40000 | 15.11.2022 |

| | | | |
|---|---|---|---|
| 7 | കുഞ്ഞുമോൾ ജോൺ,കൊത്തറ, വാർഡ്-12 | 40000<br>160000/- | 22.06.2018<br>07.01.2019 |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 15/09.10.23) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.3 ഒഴികെ മറ്റാരും തന്നെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് വി ഇ ഒ അറിയിച്ചു. 25 സെന്റിൽ കൂടുതൽ സ്ഥലം ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ കുഞ്ഞുമോൾ ജോൺ, ആശമോൾ സന്തോഷ് കുമാർ എന്നിവർക്കുള്ള ഫണ്ട് വിതരണം നിർത്തിവച്ചു എന്നും പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് ആർ ആർ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (15/09.10.23) മറുപടിയിൽ വി ഇ ഒ അറിയിച്ചു.
ആദ്യഗഡു കൈപ്പറ്റി മാസങ്ങൾ പിന്നിട്ടിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-24 പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്- നിലവിലില്ലാത്ത ടാപ്പുകൾക്കും ചാർജ് ഈടാക്കുന്നു. പഞ്ചായത്തിന് അധിക ബാധ്യത

ചമ്പക്കുളം ഗ്രാമ പഞ്ചായത്തിൽ 175 പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജിനത്തിൽ നിലവിൽ (01.03.2023 മുതൽ ടാപ്പൊന്നിന് പ്രതിവർഷം 14559/-രൂപ) പ്രതിമാസം 212319/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് വരുന്നു. ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയും 19.01.2023 മുതൽ 28.03.2023 വരെ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ആകെ 354 ടാപ്പുകൾ ഉള്ളതിൽ 65 എണ്ണം മാത്രമാണ് ഉപയോഗ യോഗ്യമായിട്ടുള്ളവയെന്ന് കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 09.05.2023-ലെ 12(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വാട്ടർ അതോറിറ്റി 175 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്യുന്നതെന്നും ബിൽ തുക 65 ടാപ്പുകളുടേതാക്കി കുറവ് ചെയ്ത് നല്കണമെന്നും ആവശ്യപ്പെട്ട് 17.05.2023-ലെ 400420/GARC08/GPO/2023/1913/(1) നമ്പർ പ്രകാരം വാട്ടർ അതോറിറ്റിക്ക് സെക്രട്ടറി കത്ത് നല്കി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപയോഗ ശൂന്യമായ 289 ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി 480000/-രൂപയുടെ എസ്റ്റിമേറ്റ് നല്കുകയും ടി തുക ഡെപ്പോസിറ്റ് ചെയ്ത് ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്ന മുറയ്ക്ക് മാത്രമെ പഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഡിമാന്റിൽ കുറവ് ചെയ്യാൻ സാധിക്കുകയുള്ളുവെന്നും 19.05.2023-ലെ എബി.3-3458/23 നമ്പർ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. (വാട്ടർ അതോറിറ്റി നല്കിയ കത്തിൽ ആകെ ടാപ്പുകൾ 355 എന്നും ഉപയോഗ ശൂന്യമായ 289 എന്നും ഉപയോഗയോഗ്യമായവ 66 എന്നും പറഞ്ഞിരിക്കുന്നു.ഉപയോഗയോഗ്യമായവയിൽ ഒരെണ്ണം അധികമായി ഉൾപ്പെടുത്തിയിരിക്കുന്നത് തിരുത്താൻ ആവശ്യപ്പെടേണ്ടതാണ്).

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ യോഗത്തിൽ "ഉപയോഗശൂന്യമായ ടാപ്പുകളെല്ലാം തന്നെ മണ്ണിനടിയിലാണെന്നും പ്രദേശവാസികൾ പറഞ്ഞപ്രകാരമാണ് ഉപയോഗശൂന്യമായ ടാപ്പുകൾ സംയുക്ത പരിശോധനയിൽകണ്ടെത്തിയതെന്നും ആയതിന്റെ യാതൊരു ശേഷിപ്പുകളും മണ്ണിനു മുകളിലില്ലായെന്നും അത്തരത്തിലുള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിനാണ് വാട്ടർ അതോറിറ്റി 480000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരിക്കുന്നതെന്നും ആയത് അംഗീകരിക്കേണ്ടതില്ലായെന്നും" ഭരണസമിതി അംഗങ്ങൾ ഒന്നടങ്കം അഭിപ്രായപ്പെട്ടതിനെ തുടർന്ന് 66 ടാപ്പുകളുടെ മാത്രം വാട്ടർ ചാർജ് പുനർ നിർണയിച്ച് നല്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കാൻ 22(1) നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയെങ്കിലും

മറുപടിയൊന്നും ലഭ്യമായിട്ടില്ല.

നിലവിൽ ഉപയോഗയോഗ്യമല്ലാത്ത 110 ടാപ്പുകൾക്ക് പ്രതിമാസം വെള്ളക്കരം ഇനത്തിൽ 133458/-രൂപ [(14559x110)/12]അടച്ച് വരുന്നു. ഈ വിഷയത്തിൽ എത്രയും വേഗം പരിഹാരം കണ്ടെത്തി പഞ്ചായത്തിന് പ്രതിമാസം ഉണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.7 തീ.06.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-25 വെള്ളക്കരം- ഫൈൻ വർദ്ധിക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 21.04.2022-ലെ 62660നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2022-ൽ ചമ്പക്കുളം ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 293258/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2022-23 സാമ്പത്തിക വർഷം 175 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 84408/- രൂപ അടച്ചു പോരുന്നുണ്ട്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരമുള്ള ഫൈൻ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ |
|---|---|---|
| 1 | 62660/21.04.2022 | 5758 |
| 2 | 63121/10.05.2022 | 7553 |
| 3 | ലഭ്യമല്ല/10.06.2022 | 5980 |
| 4 | 65029/08.07.2022 | 5916 |
| 5 | 66191/12.08.2022 | 7724 |
| 6 | 67094/14.09.2022 | 4626 |
| 7 | 67415/07.10.2022 | 4781 |
| 8 | 68825/10.11.2022 | 4873 |
| 9 | 69696/13.12.2022 | 4969 |
| 10 | 70363/09.01.2023 | 6754 |
| 11 | 71089/06.02.2023 | 5166 |
| 12 | 71979/06.03.2023 | 6989 |
| | ആകെ | 71089 |

ഓരോ മാസവും ഫൈൻ തുക വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് യഥാസമയം വാട്ടർ ചാർജ് ഒടുക്കാറുണ്ടെന്നും കുടിശ്ശികയൊന്നും വരുത്തിയിട്ടില്ലായെന്നും കാണിച്ച് പലതവണ മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് നാളിതു വരെയായും വാട്ടർ അതോറിറ്റി അംഗീകരിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.03.2023-ലെ AB2-3616/2019 നമ്പർ കത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തുകയായ 266970/- രൂപ ഒടുക്കിയാൽ 306950/-രൂപയുടെ പലിശ ഒഴിവാക്കിത്തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. 2021 ജൂലൈ മാസത്തെ ബിൽ മുതല്ലാണ് കുടിശ്ശികയും ഫൈനും തെറ്റായി വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് വരുന്നതെന്ന് സെക്രട്ടറി വാട്ടർ അതോറിറ്റിക്കയച്ച കത്തിൽ വ്യക്തമാക്കിയിരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ ബില്ലുകളും പഞ്ചായത്തിൽ നിന്നടച്ച തുകകളുടെ വിവരവും വിശദമായി പരിശോധിച്ച് ഈ വിഷയത്തിൽ അടിയന്തിര പരിഹാരം കാണേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.8 തീ.06.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-26 വൃദ്ധർക്ക് കട്ടിൽ- പ്രോജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്റ്റ് നം. – S0091/23

പ്രോജക്റ്റിന്റെ പേര് - വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണം– ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ - 393120വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ് -393118/- BRN 1009887 /07.03123

മേൽ പ്രോജക്ട് പ്രകാരം SIDCOയിൽ നിന്നും 91 പേർക്ക് 4320/- രൂപ നിരക്കിൽ 05.06.2023 ലെ ALPY/22-23/107 നമ്പർ ഇൻവോയ്സ് പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്.സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ തീ.28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 91 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/09.10.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖ അനുശാസിക്കും വിധം പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 വാതിൽപ്പടി സേവനം പദ്ധതി - പ്രവർത്തന പുരോഗതി ഇല്ലാത്തതിനാൽ വാങ്ങിയ ലാപ്ടോപ്പുകൾ ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം.S0107/23 വാതിൽപ്പടി സേവനം

വകയിരുത്തിയ തുക - 100000 (വികസന ഫണ്ട്)

ചെലവ് - 96552/- (BRN14200853509/02.12.22)

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വാതിൽപ്പടി സേവനം എന്ന പ്രോജക്ടിൽ 96552/-രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ഐ റ്റി മിഷനിൽ നിന്ന് രണ്ട് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. കെൽട്രോണിന്റെ 11.11.22 ലെ TVM/ITBG/PI/RC/42498/22-23 നമ്പർ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ലാപ്ടോപ്പ് 18.02.2023-ൽ ഇൻസ്റ്റാൾ ചെയ്തതായി കെൽട്രോൺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കാൻ ആരംഭിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (6/06.10.23) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"പദ്ധതി പ്രകാരം ഭരണസമിതി തെരെഞ്ഞെടുത്ത 27 സന്നദ്ധപ്രവർത്തകർക്ക് ഗുണഭോക്താക്കളുടെ വീടുകളിൽ ചെന്ന് സേവനം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 2 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. സന്നദ്ധപ്രവർത്തകരുടെ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പുളിങ്കുന്ന്, നെടുമുടി എന്നീ പോലീസ് സ്റ്റേഷനുകളിൽ ലിസ്റ്റ് നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു നിർദ്ദേശവും ലഭ്യമായിട്ടില്ല. സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്."

വാതിൽപ്പടി സേവന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട് 31.05.2021 ലെ സ.ഉ (സാധാ) നം. 1066/2021/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നിലവിൽ നിലച്ചിരിക്കുകയാണ് എന്ന് പ്രസ്തുത മറുപടിയിൽ നിന്നും വ്യക്തമാകുന്നു. നിലവിൽ ഗ്രാമപഞ്ചായത്തിൽ 12 അംഗങ്ങളെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിക്കുകയും 27 സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുക്കുകയും അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും പദ്ധതിക്കുവേണ്ടി ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകുന്നതുൾപ്പടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പ്രാഥമിക നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപ് 96,552/- രൂപ ചെലവഴിച്ച് വാങ്ങിയ 3 വർഷം മാത്രം വാറണ്ടിയുള്ള ലാപ്ടോപ്പുകൾ ഇൻസ്റ്റാൾചെയ്ത് 7 മാസം പിന്നിട്ടിട്ടും ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ നിർദ്ദേശത്തിന് വിധേയമായി തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ആശ്രയ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ -നിർമ്മാണം നാളിതുവരെ ആരംഭിച്ചില്ല

പ്രോജക്ട് നം. S0012/23

പ്രോജക്ടിന്റെ പേര് - അഗതി രഹിത കേരളം- ആശ്രയ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -100000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -100000 (ബിൽ നം. 43/20.08.2022)

ആശ്രയ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 2022-23ൽ 100000/- രൂപ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. അഗതി രഹിതകേരളം പദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഭവനപുനരുദ്ധാരണം ആവശ്യമുള്ള 10 കുടുംബങ്ങളും ഭവനം ആവശ്യമുള്ള 5 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. ഡി എഫ് കെ അക്കൗണ്ടിൽ 31.03.2023 ൽ നീക്കിയിരിപ്പുള്ള 410005/- രൂപ 2021-22, 2022-23 വർഷങ്ങളിൽ ഇതേ പ്രോജക്ട് പ്രകാരം സി.ഡി.എസ്.ന് ലഭിച്ച തുകയാണെന്നും അർഹരായ ഗുണഭോക്താക്കൽക്ക് ആനുകൂല്യം നൽകുന്നതിന് ഉടൻ തന്നെ മേൽ തുക വിനിയോഗിക്കുന്നതാണെന്നും ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 12/09.10.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

ഗുണഭോക്താവിനെ കണ്ടെത്താതെയും ശരിയായ ആസൂത്രണമില്ലാതെയുമാണ് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതെന്ന് പ്രസ്തുത മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ആശ്രയ ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയ്ക്കേണ്ടതാണ്.

1-29 ട്യൂബ് വെൽ സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

നിർവ്വഹണം:- സെക്രട്ടറി

1.പ്രോജക്ട് നം.S0011/2023

പ്രോജക്ടിന്റെ പേര്: ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് 3-ാം വാർഡിൽ ട്യൂബ് വെൽ സ്ഥാപിക്കൽ

അടങ്കൽ-

വികസന ഫണ്ട്- 30000/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 465000/-രൂപ

ആകെ 495000/രൂപ

ചെലവ്- 495000/-

(1.ബിൽ റെഫറൻസ് നം.22060452014101212977 തീ.20.02.2023- 30000/-രൂപ

2.PFMS/DSC/R112200361709 തീ.04.11.2022- 465000/-രൂപ)

2.പ്രോജക്ട് നം.S0013/2023

പ്രോജക്ടിന്റെ പേര്: ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് വാർഡ് 9-ൽ ട്യൂബ് വെൽ സ്ഥാപിക്കൽ

അടങ്കൽ-

വികസന ഫണ്ട്- 30000/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 465000/-രൂപ

ആകെ 495000/രൂപ

ചെലവ്- 495000/-

(1.ബിൽ റെഫറൻസ് നം.2206045201410121297 തീ.20.02.2023- 30000/-രൂപ

2.PFMS/DSC/R112200410862 തീ.04.11.2022- 465000/-രൂപ)

ചമ്പക്കുളം ഗ്രാമ പഞ്ചായത്തിലെ വാർഡ്-3, വാർഡ് 9 എന്നിവിടങ്ങളിൽ ട്യൂബ് വെൽ സ്ഥാപിക്കുന്നതിനായി മേൽ പ്രകാരം ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസറുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് (അക്കൌണ്ട് നം. 40554900025) ആകെ 990000/രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

പദ്ധതി പ്രകാരമുള്ള ട്യൂബ് വെല്ലുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന വസ്തു ഉടമകളിൽ നിന്നും ഭൂമി വിട്ടുനല്കുന്നതിനായുള്ള ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം നിശ്ചിത മാതൃകയിൽ സ്വീകരിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | വസ്തു ഉടമയുടെ പേര് | വാർഡ് നം. | വില്ലേജ് | സർവേ നമ്പർ | വിട്ടു നല്കിയ വിസ്തീർണം |
|---|---|---|---|---|---|
| 11 | രമേശ് കുമാർ സി.ആർ. പേരകത്ത് | 3 | ചമ്പക്കുളം | 591/11-2 | 1 സെന്റ് |
| 13 | വർഗീസ് എം.കെ. മണ്ണൂപ്പറമ്പിൽ | 9 | ചമ്പക്കുളം | 249/4-2 | 1 സെന്റ് |

എന്നാൽ ഇപ്രകാരം ലഭിച്ച അപേക്ഷകൾ 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ആർ.ഡി.ഒ-യ്ക്ക് സമർപ്പിച്ചതായോ തദനുസരണമായ ഉത്തരവുകൾ നേടിയെടുത്തതായോ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ. 14.09.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 9,90,000/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ വിട്ടു കിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ

തൻവർഷം നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കാതിരുന്നത് മൂലം 13,925/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം ഭാഗം 2-4 ആയി ചേർത്തിട്ടുണ്ട്.

1-31 അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാട്ടർ കണക്ഷൻ - കെ.എസ്.ഇ.ബി.യിൽ തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല

പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കിൽ ഇനം (E3) ആയി വാട്ടർ മീറ്റർ ചാർജ്ജ് എന്ന് രേഖപ്പെടുത്തി 10,760/- രൂപ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചതായുള്ള രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/10.10.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 10760/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അനുബന്ധ വിവരം :

| | | |
|---|---|---|
| പ്രോജക്ട് - പേര്, നമ്പർ | : | അസി.എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാട്ടർ കണക്ഷൻ ( 18/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | ജോസ്.ടി.പൂണിച്ചിറ |
| എം.ബുക്ക് | : | 1/31.03.22 |
| പ്രവൃത്തി മൂല്യം | : | 44337/-- |
| ബിൽ വിവരം | : | 13/30.3.23 |

1-32 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 18/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | അഷറഫ് എം |
| എം.ബുക്ക് | : | 69,79/19, 6,7/21 , 30/24.12.21 |
| എസ്റ്റിമേറ്റ് | : | 10000000/- |
| എഗ്രീഡ് പി.എ.സി | : | 8130670/- |
| കരാർ തീയതി | | 7.11.2019 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പദ്ധതിയ്ക്കായി ഒരു കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതിയ്ക്ക് 27.8.2019 ൽ ഭരണാനുമതി നൽകുകയും, ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അഷറഫ്. എം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും, 7.11.2019 ൽ കരാർ ചമയ്ക്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നു. കരാർ വ്യവസ്ഥ പ്രകാരം ഒരു വർഷം പൂർത്തീകരണ കാലയളവ് അനുവദിച്ചിരുന്ന ടി പ്രവൃത്തി 6.11.2020 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു എങ്കിലും നാളിതു വരെ (4 വർഷത്തോളമായിട്ടും) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം നേടിയിട്ടില്ല.

ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ അളവ് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ 6 പാർട്ട് ബില്ലുകൾ പ്രകാരം ആകെ 7435310/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുള്ളതായും, ജി.എസ്.ടി ഉൾപ്പെടെ 8396933/- രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുള്ളതായും കാണുന്നു.

പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ വരുത്തിയിട്ടുള്ള കരാറുകാരനെതിരെ യാതൊരുവിധ നിയമ നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. (20.7.23 ൽ കരാറുകാരന് ഒരു

നോട്ടീസ് നൽകിയിട്ടുള്ളതല്ലാതെ)പ്രവൃത്തി പൂർത്തീകരണത്തിൽ ഉണ്ടായിട്ടുള്ള നീതീകരിക്കാനാവാത്ത കാലതാമസ്സത്തിന് വിശദീകരണം ലഭ്യമാക്കുവാനും, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് മൂലം പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കിയ കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/9.10.23 ) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഒരുമാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണെന്നും, പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസ്സം -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

2012-ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (27/23) എന്ന പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതിരുന്നത് മൂലം 19,669/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-4 ആയി ചേർത്തിട്ടുണ്ട്.

## 1-34 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സ്റ്റാക്ക് അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ / ഗുഡ് എർത്തിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% (Specification : 1- 27-1-1) കുറവ് ചെയ്തതിനു ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 10% മാത്രം കുറവ് വരുത്തി അളവ് നിർണ്ണയിച്ചത് മൂലം 35,481/-രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-35 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ

കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ ടി നിർദ്ദേശം പാലിക്കാതെ സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചതു മൂലം 32390/- രൂപയുടെ അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ഭാഗം 3-2 ആയി ചേർത്തിട്ടുണ്ട്.

### 1-36 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ലാത്തത്

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച നൽകിയതിന് ശ്രീ.പ്രശാന്ത്.ജി എന്ന കരാറുകാരന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 9,53,730/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയിട്ടില്ലാത്തതു മൂലം ആദായ നികുതിയിനത്തിൽ 9,537/- രൂപയുടെയും, ജി.എസ്.ടി ഇനത്തിൽ 19,075/- (2%) രൂപയുടെയും നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-3 ആയി ചേർത്തിട്ടുണ്ട്.

### 1-37 മഴക്കാല പൂർവ ശുചീകരണം - ഫണ്ട് വിനിയോഗം ലക്ഷ്യം കാണുന്നില്ല

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 24/02/2023 തീയതിയിൽ വാർഡിന് 10,000/- രൂപ വീതം 1,30,000/- രൂപ മെഡിക്കൽ ഓഫീസറുടെ എസ്.റ്റി.എസ്.ബി അക്കൊണ്ടിലേക്ക് ട്രാൻഫർ ചെയ്തിരുന്നു. വാർഡ് തല സാനിട്ടേഷൻ കമ്മിറ്റിയുടെ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ 19-08-2023 തീയതി ആണ് ടി തുക വാർഡ് തല സമിതികളുടെ അക്കൌണ്ടിൽ ട്രാൻസ്ഫർ ചെയ്തതായി കാണുന്നത്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡുകളിൽ ചെലവഴിക്കുന്നതിന് 24/02/2023 തീയതിയിൽ നൽകിയ തുക ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിനായി വാർഡ് തല സമിതികൾക്ക് കൈമാറാതെ ഇത്രയും നാൾ മെഡിക്കൽ ഓഫീസറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൌണ്ടിൽ സൂക്ഷിച്ചത് ചട്ട വിരുദ്ധമാണ്. 19-08-2023 തീയതിയിൽ തുക കൈമാറിയെങ്കിലും വാർഡ് തല സാനിട്ടേഷൻ നടത്തുന്നതിന് തുക ചെലവഴിച്ചില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:27/ 11-10-2023)മറുപടി ലഭ്യമാക്കിയില്ല. മഴക്കാല പൂർവ ശുചീകരണത്തിനായി അനുവദിക്കുന്ന ഫണ്ട് അതാത് സാമ്പത്തിക വർഷം തന്നെ വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണത്തിന് വിനിയോഗിക്കാത്തത് മൂലം, മഴക്കാലത്തിന് മുൻപ് തന്നെ സാംക്രമിക രോഗങ്ങളും, മറ്റ് ജലജന്യ രോഗങ്ങളും തടയുക എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. അതിനാൽ അതാത് വർഷം അനുവദിക്കുന്ന തുക അതാത് വർഷം തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ സേവന മേഖലയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | അപേക്ഷ | ഈടാക്കിയ | ഇടാക്കേണ്ട | അധികമായി |
|---|---|---|---|---|---|

| നം | | പ്രകാരമുള്ള മൂലധന നിക്ഷേപം | ലൈസൻസ് ഫീസ് | ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | പാം ഡയിൽ ഹെറിറ്റേജ് റിസോർട്ട്, പൊങ്ങ | 1കോടി | 2,000/- | 5,000/- | 3,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04/ തീയതി:06-10-2023) ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ അധികമായി ഇടാക്കേണ്ട 3,000/- രൂപാ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-2 റിസോർട്ടിലെ നീന്തൽകുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011, ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിയ്ക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർക്കുന്ന റിസോർട്ടിന്റെ വെബ്സൈറ്റിൽ സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. റിസോർട്ടിൽ സ്വിമ്മിംഗ്പൂൾ സൌകര്യം ലഭ്യമാക്കുന്നതായി ഓഡിറ്റ് അറിയിച്ചതനുസരിച്ച് സ്ഥല പരിശോധന നടത്തി നീന്തൽക്കുളത്തിന്റെ തറവിസ്തീർണം കണക്കാക്കി പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ 2022-23 ൽ ടി സ്വിമ്മിംഗ്പൂളിന്റെ വസ്തുനികുതി റിസോർട്ടിന്റെ വസ്തുനികുതിയോട് ചേർത്ത് അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) 2022-23ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ള വാട്ടേർസ് എഡ്ജ് വില്ല എന്ന റിസോർട്ടിൽ (കെട്ടിട നം:I/235-B,I/235-C) 201m$^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി റിസോർട്ടിലെ വസ്തുനികുതിയോട് ചേർത്ത് അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20 / 10.10.2023) വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം:11/ 07.10.2023) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|

| | |
|---|---|
| അടിസ്ഥാന<br>വസ്തു നികുതി | $201m^2$ @90= 18090/- |
| ലൈബ്രറി സെസ് 5% | (+)905/- |
| ആകെ | 18,995/- |

മേൽ സൂചിപ്പിച്ച റിസോർട്ടിൽ പുതുതായി നീന്തൽകുളം നിർമ്മിച്ച ശേഷം 14-11-2011 ലെ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ ഉത്തരവ് ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കാത്തത് മൂലം 2022-23 വർഷം വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 18,995/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. റിസോർട്ടിൽ പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി ടി റിസോർട്ടിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/ 10-10-23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2022-23 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കണ്ടങ്കരി- പുല്ലങ്ങടി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം: A 152 (D)- APCOS | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 2 | മങ്കൊമ്പ് തെക്കേക്കര ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം: A 198 (D)- APCOS | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 3 | തെക്കേക്കര സർവീസ് കോപ്പറേറ്റീവ് ബാങ്ക്-503 | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 4 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ്- പോർട്ടൽ ഓഫീസ് | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 5 | CKM- മിൽക്ക് പ്രൊഡ്യൂസേർസ് കോപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| 6 | മണ്ണൂപറമ്പ് ഫിനാൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250X2=2500 |
| | ആകെ | | 13,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 13,750/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകി നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:03, 06/10/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-4 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (27/23) ശ്രീ. തോമസ് കുട്ടി.കെ.യു പി.എ.സി - 480011/- പ്രവൃത്തിമൂല്യം - 433227/- ബിൽ നം. 9/30.03.23 | 6.01.22<br>20.01.22 | 24.01.2022 | 4800 |
| 2 | കിഴക്കേക്കാറ്റ് വീട് മുതൽ മുന്നൂറ്റി നാല്പതു വരെ വഴി പുനരുദ്ധാരണം (23/23) ശ്രീ. പയസ്. ഡി. പി.എ.സി - 231133/- പ്രവൃത്തിമൂല്യം - 227513/- ബിൽ നം. 4/27.06.2022 | 6.01.22<br>20.01.22 | 24.01.2022 | 2311 |
| 3 | ഗവ.എൽ.പി.എസ് ആറ്റുവാത്തല സ്കൂൾ മെയിന്റനൻസ്(35/23) ശ്രീ. മനോജ് കുമാർ പി.എ.സി - 450000/- പ്രവൃത്തിമൂല്യം - 450000/- ബിൽ നം. 11/30.3.2023 | 27.05.22<br>10.06.22 | 10.06.22 | 4500 |
| 4 | ആലപ്പാട്ട് വഴി ഭാനുമതിയുടെ വസതി മുതൽ കിഴക്കോട്ട് വഴി കോൺക്രീറ്റിംഗ് (115/22) ശ്രീ.പ്രശാന്ത്.ജി പി.എ.സി -231444/- പ്രവൃത്തിമൂല്യം -253710/- ബിൽ നം.3 /30.06.2022 | 6.01.22<br>20.01.22 | 24.01.2022 | 2314 |
| | ആകെ | | | 13925 |

ക്രമ നം. (3) പ്രകാരമുള്ള പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചത് 22.03.22 ലാണ്. ടെണ്ടർ സ്വീകരിച്ച് 21(7+14) ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്ത പക്ഷം പിഴ ഈടാക്കേണ്ടതാണ്. എന്നാലിവിടെ

പിഴയുടെ ബാധ്യത ഒഴിവാക്കുന്നതിനായി കരാർ തീയതിയ്ക്കനുസൃതമായി സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളതായി സംശയിക്കത്തക്ക വിധത്തിലാണ് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/9.10.23) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ക്ലറിക്കൽ എറർ മൂലമാണ് അപാകത ഉണ്ടായിട്ടുള്ളതെന്നാണ്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പിഴ ഇനത്തിലുള്ള 13,925/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സ്റ്റാക്ക് അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ / ഉഡ് എർത്തിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% (Specification : 1- 27-1-1) കുറവു ചെയ്തതിനു ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 10% മാത്രം കുറവ് വരുത്തി അളവ് നിർണ്ണയിച്ചത് മൂലം താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സ്റ്റാക്ക് ചെയ്ത അളവ്(എം$^3$) | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദനീയമായ അളവ്,തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | പി.ഡബ്യൂ.ഡി റോഡ് - എൻ.എസ്.എസ് കരയോഗം റോഡ് കോൺക്രീറ്റിംഗ്. പി.ജെ.ജോസഫ് RC/318515 MB - 194/20-21 തുക - 388051/- എഫ്.ടി ഒ തീ- 2.9.22 | 40.654 $M^3$ | 36.59 $M^3$ 1000/$M^3$ 36590 | 32.52 $M^3$ 32520 | 4070 |
| 2 | സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. പി.ജെ.ജോസഫ് RC/318679 MB - 192/20-21 തുക - 380769/- എഫ്.ടി ഒ തീ- 2.9.22 | 57.55 $M^3$ | 51.79 $M^3$ 1000/$M^3$ 51790 | 46.04 $M^3$ 46040 | 5750 |
| 3 | വാടയ്ക്കൽ മുതൽ ഐലാതറ വരെ റോഡ് | 75.12 $M^3$ | 67.61 $M^3$ 1000/$M^3$ | 60.096 $M^3$ 60096 | 7514 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്.<br>പി.ജെ.ജോസഫ്<br>RC/319899 MB - 72/20-21<br>തുക - 332814/-<br>എഫ്.ടി ഒ തീ- 2.9.22 | | 67610 | | |
| 4 | സെന്റ് ജോർജ്ജ് ചർച്ച് പൂത്തറ റോഡ് കോൺക്രീറ്റിംഗ്.<br>പി.ജെ.ജോസഫ്<br>RC/319249 MB - 35/21-22<br>തുക - 414005/-<br>എഫ്.ടി ഒ തീ- 25.3.23 | 70.743 $M^3$ | 63.666 $M^3$<br>1000/$M^3$<br>63666 | 56.594 $M^3$<br>56594 | 7072 |
| 5 | ചെമ്പടി ചക്കംകരി പാടശേഖര ബണ്ട് കൽക്കെട്ട്<br>പ്രശാന്ത്.ജി<br>FP/352868 MB - 209/20-21<br>തുക - 414005/-<br>എഫ്.ടി ഒ തീ- 27.8.22 | 110.7313 $M^3$ | 99.66 $M^3$<br>1000/$M^3$<br>99660 | 88.585 $M^3$<br>88585 | 11075 |
| | ആകെ | | | | 35481 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/11.10.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് ക്രമ വിരുദ്ധമായി നൽകിയ 35,481/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.22-ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളിൽ ടി നിർദ്ദേശം പാലിക്കാതെ സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച | നൽകിയ | മാർക്കറ്റ് നിരക്ക്, തുക | അധികം |
|---|---|---|---|---|---|

| നം. | | സിമന്റ് (ടൺ) | നിരക്ക്, തുക | | നൽകിയത് |
|---|---|---|---|---|---|
| 1 | പി.ഡബ്യു.ഡിറോഡ് - എൻ.എസ്.എസ് കരയോഗം റോഡ് കോൺക്രീറ്റിംഗ്. പി.ജെ.ജോസഫ് RC/318515 MB - 194/20-21 തുക - 388051/- എഫ്.ടി ഒ തീ-2.9.22 | 10.95365 | 8200/ടൺ 89820 | 7400/ടൺ 81057 (സെന്റ്. ആന്റണിസ് ഏജൻസീസിന്റെ ബിൽ - 2680/20 /8.1.21 ) | 8763 |
| 2 | സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. പി.ജെ.ജോസഫ് RC/318679 MB - 192/20-21 തുക - 380769/- എഫ്.ടി ഒ തീ-2.9.22 | 10.395 | 8200/ടൺ 85239 | 7800/ടൺ 81081 (സെന്റ്. ആന്റണിസ് ഏജൻസീസിന്റെ ബിൽ - 3569/20 /18.2.21 ) | 4158 |
| 3 | സെന്റ് ജോർജ്ജ് ചർച്ച് പൂത്തറ റോഡ് കോൺക്രീറ്റിംഗ്. പി.ജെ.ജോസഫ് RC/319249 MB - 35/21-22 തുക - 414005/- എഫ്.ടി.ഒ തീ- 25.3.23 | 10.890 | 8200/ടൺ 89298 | 6800/ടൺ 74052 (സെന്റ്. ആന്റണിസ് ഏജൻസീസിന്റെ ബിൽ - 2281/21 /13.12.21 ) | 15246 |
| 4 | കോളനി നം.15 -22 റോഡ് കോൺക്രീറ്റിംഗ്. എ.ജെ.ജോസഫ് RC/276106 MB - 40/21-22 തുക - 444889/- എഫ്.ടി.ഒ തീ- 2.9.22 | 12.4212 | 8200/ടൺ 101854 | 7860/ടൺ 97631 (റെയാൻസ് ട്രെഡേഴ്സിന്റെ ബിൽ - 0393/4.8.21 ) | 4223 |
| | ആകെ | | | | 32390 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/11.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ 32390/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-3 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകിയതിന് ശ്രീ.പ്രശാന്ത്.ജി എന്ന കരാറുകാരന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 953730/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 250000/-രൂപയ്ക്ക് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും 2% നിരക്കിൽജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും ആദായ നികുതിയിനത്തിൽ 9537/- രൂപയും ജി.എസ്.ടി ഇനത്തിൽ 19075/- (2%) രൂപയും, ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/25.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് ക്രമ വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 3-4 ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണത്തിൽ ഗുരുതരമായ കാലതാമസ്സം -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ജി.എൽ.പി.എസ് ചമ്പക്കുളം അനുബന്ധ സൗകര്യങ്ങൾ | 24.01.22<br>6 മാസം<br>23.07.22 | 16.03.23 | (3 +2%) 24001 | 4332 | 19669 |

| | | | | | | |
|---|---|---|---|---|---|---|
| വർദ്ധിപ്പിക്കൽ (27/23) ശ്രീ. തോമസ് കുട്ടി.കെ.യു പി.എ.സി - 480011/- പ്രവൃതതിമൂല്യം - 433227/- ബിൽ നം. 9/30.03.23 | | | | | | |

പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ശാരീരീകമായ ബുദ്ധിമുട്ടും, സാധനങ്ങളുടെ അഭാവവുമാണ് കാരണം രേഖപ്പെടുത്തിയിട്ടുള്ളത്. പരമാവധി 3 മാസം മാത്രം പൂർത്തീകരണ കാലാവധി (3%പിഴയോട് കൂടി) ദീർഘിപ്പിച്ച് നൽകാവുന്ന പ്രവൃത്തിയ്ക്ക് കേവലം 1% നിരക്കിൽ പിഴ ഈടാക്കി 8 മാസത്തോളമാണ് ക്രമ വിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/10.10.23 ) നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് സുഖമില്ലാത്ത സാഹചര്യത്തിലാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസ്സം ഉണ്ടായതെന്നാണ്. എന്നാൽ ഓഡിറ്റിലെ പരാമർശം തെറ്റായ തീതിയിൽ പിഴ കണക്കാക്കിയത് സംബന്ധിച്ചാണ്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പിഴ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 158079 | Pro.No.05/23അങ്കണവാടി പോഷകാഹാരം | 158079 | 0 |
| | 2022-23 | 211010 | Pro.No.07/23സാന്ത്വന പരിചരണ പരിപാടി | 211010 | 0 |
| | 2022-23 | 6542 | Pro.No.19/23ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 6542 | 0 |
| | 2022-23 | 40000 | Pro.No.39/23ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ | 40000 | 0 |
| | 2022-23 | 200000 | Pro.No.92/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ആകെ | | 615631 | | 615631 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | Pro.No.05/23അങ്കണവാടി പോഷകാഹാരം | 135000 | 0 |
| | | 297918 | Pro.No.19/23ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 297918 | 0 |
| | | 100000 | 92/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | 532918 | | 532918 | |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോ നം.11/2023 ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് 3-ാം വാർഡിൽ ട്യൂബ് വെൽ സ്ഥാപിക്കൽ | 1.ബിൽ റെഫറൻസ് നം.22060452014101212977 തീ.20.02.2023-30000/-രൂപ 2.PFMS/DSC /R112200361709 തീ.04.11.2022-465000/-രൂപ | 495000 | | 495000 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോ നം.13/23 ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് വാർഡ് 9-ൽ ട്യൂബ് വെൽ സ്ഥാപിക്കൽ | 1.ബിൽ റെഫറൻസ് നം.22060452014101212977 തീ.20.02.2023-30000/-രൂപ 2.PFMS/DSC /R112200410862 തീ.04.11.2022-465000/-രൂപ | 495000 | | 495000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക | | | ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| ഹഡ്‌ക്കോ വായ്പ | | 0 | 4,760,000 | 974063 | 0 | 3,785,937 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11,2011-12 | Para 3(2) | 30360 | ഡോ.ജോസ് മാത്യൂ , സീനിയർ വെറ്ററിനറി സർജൻ | 1220100625 17/9/2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,29,72,596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,16,66,846 |
| വരവിനങ്ങളിലുള്ള നഷ്ടം | 49,670 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87,540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,14,760 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3,000/- | | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 2-2 | 18,995/- | | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 2-3 | 13,750/- | | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 2-4 | 13,925/- | | ശ്രീമതി ബിന്ദുമോൾ കെ., അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1 | | 35,481 | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 3-2 | | 32,390 | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 3-4 | | 19,669 | ശ്രീമതി ബിന്ദുമോൾ കെ., അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 49,670 | 87,540 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 87,400 | ശ്രീ.വിജയൻ, കൃഷി ഓഫീസർ |
| 1-18 | 15,66,900 | ശ്രീ.വിജയൻ, കൃഷി ഓഫീസർ |
| 1-19 | 72,900 | ശ്രീ.വിജയൻ, കൃഷി ഓഫീസർ |
| 1-20 | 73,800 | ഡോ.സ്മിത സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്സി.) |
| 1-21 | 13,000 | ഡോ.സ്മിത സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്സി.) |
| 1-29 | 9,90,000 | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 1-31 | 10,760 | ശ്രീ.സുമേഷ് വി.എം., അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 28,14,760 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | ആദായ നികുതി | 9,537 | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| 3-3 | ജി.എസ്.ടി | 19,075 | ശ്രീമതി കെ.സുജാത, സെക്രട്ടറി |
| ആകെ | | 28,612 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജാത കെ., സെക്രട്ടറി | സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത് | സുജ നിവാസ്, സനാതനപുരം പി.ഒ., ആലപ്പുഴ |
| ശ്രീ.വിജയൻ എസ്., കൃഷി ഓഫീസർ | കൃഷിഭവൻ ചമ്പക്കുളം, തെക്കേക്കര പി.ഒ, മങ്കൊമ്പ് | മഞ്ചിലുംപാത് വീട്, കൊട്ടുവള പി.ഒ, ഈസ്റ്റ് കല്ലട, കൊല്ലം |
| ശ്രീമതി ബിൻസിമോൾ വർഗ്ഗീസ്, അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS | അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS, ചമ്പക്കുളം | കുന്നത്ത്, അമിച്ചകരി, ചമ്പക്കുളം പി.ഒ. |
| ഡോ.സ്മിത സെബാസ്റ്റ്യൻ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | സി.എച്ച്.സി. ചമ്പക്കുളം | കണിയാംപടിയിൽ, സീ വ്യൂ. വാർഡ്, ആലപ്പുഴ |
| ശ്രീമതി ബിന്ദുമോൾ കെ., അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി. എ.ഇ. ഓഫീസ് പുളിങ്കുന്ന് | നരിയിൽ ഹൗസ്, മണ്ണഞ്ചേരി പി.ഒ., ആലപ്പുഴ |
| ശ്രീ.സുമേഷ് വി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി. എ.ഇ. ഓഫീസ് ചമ്പക്കുളം | നന്ദനം(വേലംപറമ്പ്), വൈശ്യംഭാഗം പി.ഒ., ആലപ്പുഴ 688005 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |
| 1999-2000 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2001-02 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2002-03 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2003-04 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2004-05 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2005-06 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2008-09 മുതൽ 2010-11 വരെ | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2011-12 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |

| | |
|---|---|
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2013-14&2014-15 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1-1288/2022 തീയതി 04-04-23 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-345/21 തീയതി, 31-03-21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി1-163/2022 തീയതി 19-03-22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി1-504/2022 തീയതി 25-01-23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 13-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Champakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Champakkulam Grama Panchayat for the year 2022-2023

Date: 15/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Champakkulam Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of Assets -The land on which the Panchayat is located does not appear to be included as an asset

**2.Other Observations**

1.The following mandatory statements prescribed in accounts rules are not submitted for audit

a).Cash flow statements

b).Notes to accounts

2.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.

3.Misclasification of Receipt voucher- amount repaid by a beneficiary under life housing scheme wrongly

credited to the head of account Voluntary Contributions & Donations

4.Bank Reconciliation statement not prepared for the following bank accounts

a).FEDERAL BANK- RGSA PFMS A/C NEDUMUDY/THEKKEKARA( 11540100252032 )

b).STATE BANK OF TRAVANCORE (57041065231)

5.Bankbook balance shown in BRS not tally with actual bank balance as on that day.

a).SBI - Health Grants - Diagnostic Infrastructure Thekkekara( 41059116933 )

b).STATE BANK OF TRAVANCORE-saksharatha THEKKEKARA( 57041060107 )

6.Amount recorded in various Registers missmatch with AFS

a).Appropriation control register-Maintenance fund (Road)

b).Appropriation control register-CFC(tied)

d).Deposit Register

7.Lapses in making timely and accurate demand entries in respect of tax and non tax revenue

8.Advances not adjusted in time.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്